(ബി) കൊല്ലം ഡിസ്പെൻസറിയിൽ പ്രവേശിപ്പിക്കപ്പെട്ട മർദ്ദനമേറ്റ ചെക്കനെ പരിശോധിച്ച ഡാക്ടർമാരുടെ അഭിപ്രായമെന്താണു്;

(സി) ഈ പരാതിയെപ്പറ്റി ഗവണ്മെൻറ് അന്വേഷണം നടത്തിയോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൻ):

(എ) ഇല്ല. ഐ. ജി-ക്കു് ഇതുസംബന്ധിച്ചു പരാതികിട്ടിയിട്ടുണ്ടു്.

(ബി) മെഡിക്കൽ പരിശോധനയിൽ ചെക്കനുടെ ശരീരത്തിൽ കാണപ്പെട്ട പരുക്കു് ഏതെങ്കിലും കട്ടപ്പുമുള്ള വസ്തുവിൽ തട്ടിയതിനാൽ ഉണ്ടായതാകാമെന്നു് ആയിരുന്നു.

(സി) പരാതിയെപ്പറ്റി ഡിപ്പാർട്ടുമെൻറലായി അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു.

STARRED QUESTIONS POSTED FOR ANSWER ON 21-11-1955

നദീജലം.

* 932. [23] ശ്രീ. എൻ. എൻ. പണ്ടാരത്തിൽ: താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹ്യാദ്രിയിൽനിന്നുത്ഭവിച്ചു് അറബിക്കടലിലേക്കു് നിഷ്പ്രയോജനമായി ഒഴുകി മറിയുന്ന നമ്മുടെ രാജ്യത്തെ നദീജലസമൃദ്ധിയും ഒരു നിഷ്കൃഷ്ടമായ സർവ്വേയ്ക്കു് വിധേയമാക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിൽ ഏതെല്ലാം നദിയിലും ഇതിനകം അണക്കെട്ടുകൾക്കു് വിധേയമാക്കപ്പെട്ടിട്ടുണ്ടു്; രണ്ടാം പഞ്ചവത്സര പദ്ധതിയിൽ പുതുതായി ഏതെല്ലാം നദികളെ തടഞ്ഞുനിറുത്താൻ പ്ലാനുണ്ടു്;

(സി) ഇവയിലേതെങ്കിലും നദികളെ മദ്രാസ് ഗവണ്മെൻറ് അണക്കെട്ടിനു് വിധേയമാക്കാൻ രണ്ടാം പഞ്ചവത്സരപദ്ധതിയിലൂടെ പ്ലാനിട്ടിട്ടുണ്ടോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) അപ്രകാരം ഒരു സർവ്വെ നടത്തുന്നതിനു് നിർദ്ദേശം നൽകിയിട്ടുണ്ടു്.

(ബി) ഇപ്പോൾ ഉഴുതും നിർമ്മിച്ചുവരുന്നതുമായ അണക്കെട്ടുകൾ:—

1. കോതയാർ (കോതയാർ ഡാം)
2. പറളിയാർ (പെരിഞ്ചാണി ഡാം)
3. നെയ്യാർ
4. ചാലക്കുടി
5. മണലി (പീച്ചി ഡാം)
6. വടക്കാഞ്ചേരി (വാഴാനി ഡാം)
7. മുതിരപ്പുഴ (പള്ളിവാസൽപദ്ധതി)

LIBRARY ARCHIVES Kerala Legislative Assembly

8. പെരിയാർ (മദ്രാസ് സ്റ്റേറ്റിലേക്ക് ജലം കൊണ്ടുപോകുന്നതിന് മദ്രാസ് ഗവണ്മെൻറ് കെട്ടിയിട്ടുള്ള പെരിയാർ ഡാം)

രണ്ടാം പഞ്ചവത്സരപദ്ധതിയിൽ കെട്ടുവാൻ ഉദ്ദേശിച്ചിട്ടുള്ള അണകെട്ടുകൾ:—

1. ചീരക്കുഴി
2. പെരിയാർ (ശ്രുത്താൻകെട്ടുപദ്ധതി)
3. പമ്പ (പമ്പാ ബഹുമുഖപദ്ധതി)
4. ചിറ്റാർ (ചിറ്റാർ പട്ടണംകാൽപദ്ധതി)
5. പന്നിയാർ (വൈദ്യുതപദ്ധതി)
6. ഷോലയാർ.

(സി) ചാലക്കുടിപ്പുഴയുടെ ഒരു പോഷകനദിയായ പറമ്പിക്കുളം നദിയിൽ ഒരു ഡാം കെട്ടുന്നതിനു മദ്രാസ് ഗവണ്മെൻറിനു് ഒരു പദ്ധതിയുള്ളതായി അറിയുന്നു.

പോലീസ് സംഘട്ടനം.

* 933. [27] ശ്രീ. യു. നീലകണ്ഠൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്തകാലത്തിൽ നാട്ടുകാരും പോലീസുകാരും തമ്മിൽ അക്കോബറിൽ സംഘട്ടനം നടന്നിട്ടുണ്ടോ ;

(ബി) സംഘട്ടനത്തിനുള്ള കാരണമെന്തു് ;

(സി) ഉത്തരവാദിപ്പെട്ട പോലീസുമേധാവികളുടെ കൃത്യവിലോപംകൊണ്ടാണു് പ്രസ്തുത സംഘട്ടനം ഉണ്ടായതെന്നു സക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) അങ്ങിനെയാണെങ്കിൽ അവരുടെപേക്കു് എന്തു നടപടി നടത്തി ;

(ഈ) പരുക്കേറ്റ പോലീസു് ഉദ്യോഗസ്ഥന്മാരുടേയും നാട്ടുകാരുടേയും എണ്ണം എത്ര ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) സംഘട്ടനം ഉണ്ടായില്ല. ഔദ്യോഗികകാര്യങ്ങളിൽ ഏർപ്പെട്ടിരുന്ന പോലീസുകാരെ കുറെ ആളുകൾ ചേർന്നു് ആക്രമിക്കുകയാണു് ചെയ്തതു്.

(ബി മുതൽ ഡി വരെ) ചോദ്യം ഉദിക്കുന്നില്ല.

(ഈ) അഞ്ചു പോലീസുകാർക്കു് പരുക്കു പറ്റിയതായി അറിവുണ്ടു്.

ഒഴിവുദിവസം.

* 934. [28] ശ്രീ. പി. കെ. അബ്ദുൽഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളിയാഴ്ചദിവസങ്ങളിൽ സ്കൂളുകൾക്കു് രണ്ടു മണിക്കൂർ വീതം ഒഴിവു കൊടുക്കുന്നില്ലേ;

LIBRARY ARCHIVES Kerala Legislative Assembly